(ബി) അങ്ങനെ ഒരു സമ്മതം ലഭിച്ചിട്ടു് 1954 നവംബർ മാസം 27-ാം തീയതി ആണു്.

(സി) ഈ സംഖ്യ ഇതുവരെ വാങ്ങിയിട്ടില്ല.

(ഡി) കല്ലാറിലും, മറയൂരിലും കൂടി ആകെ 5,9027രൂപ, 14 ണ, 3 പൈസ. ചെലവു ചെയ്തു.

(ഇ) പദ്ധതി പൂർത്തിയാകുമ്പോൾ 76 ലക്ഷം രൂപാ ഈ ഗവണ്മെൻറിൽ നിന്നും ചെലവുണ്ടാകുമെന്നാണു് കണക്കാക്കിയിട്ടുള്ളതു്.

കാളനൈസേഷൻ.

* 652. [31] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് കാളനൈസേഷനു പറ്റിയതായി എത്ര ഏക്കർ ഭൂമിയുണ്ടു്;

(ബി) അതിനെ സംബന്ധിച്ചു് ഏതെങ്കിലും സർവെ നടത്തിയിട്ടുണ്ടോ;

(സി) മുകുന്ദപുരം താലൂക്കിൽ കാളനൈസേഷൻ ജായിൻറ രജിസ്ട്രാർ നടത്തിയ അന്വേഷണത്തിലെ റിപ്പോർട്ടു് എന്തു്: അതു് എന്നാണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി, (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ)-(ബി) കണക്കു് എടുത്തിട്ടില്ല.

(സി) അന്വേഷണം നടത്തിയിട്ടില്ല.

രാജകീയ വൃക്ഷങ്ങൾ.

* 653. [32] ശ്രീ. കെ. എം. ജോർജ്ജു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിവുഭൂമികളിലുള്ള രാജകീയ വൃക്ഷങ്ങളിന്മേൽ ഗവണ്മെൻറിനുള്ള അവകാശം വിട്ടുകൊടുക്കാതെ എതെങ്കിലും പ്രദേശം സംസ്ഥാനത്തുണ്ടോ; ഉണ്ടെങ്കിൽ ഏവ?

(ബി) ഇപ്രകാരം ഗവണ്മെൻറവകാശം ഏറ്റവും ഒടുവിൽ വിട്ടുകൊടുത്തതു് ഏതു വർഷമാണു്;

(സി) ബാക്കി പ്രദേശങ്ങളിലും ഈ അവകാശം ഉടനേ വിട്ടുകൊടുക്കുവാൻ വേണ്ട നടപടി നടത്തുമോ;

(ഡി) 1932-ൻ ശേഷം സ്വകാര്യഭൂമികളിൽ നട്ടു വളർത്തിയിട്ടുള്ള തേക്കുവൃക്ഷങ്ങളിൽ ഗവണ്മെൻറിനു വല്ല അവകാശവുമുണ്ടോ;

(ഇ) ഇതു സംബന്ധിച്ചു് ഗവണ്മെൻറിനു് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ)

(എ) തിരുവിതാംകൂർ സംസ്ഥാനത്തു് Tract III-ൽപ്പെട്ട പതിവുഭൂമികളിലുള്ള രാജകീയ വൃക്ഷങ്ങളുടെ ഗവണ്മെൻറവകാശം വിട്ടുകൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) Tract I-ലെ ഗവണ്മെൻറവകാശം 1109-ലും, II-ലെ അവകാശം 1113-ലും വിട്ടുകൊടുത്തിട്ടുണ്ട്.

(സി) ബാക്കി പ്രദേശങ്ങളിലെ അവകാശം വിട്ടുകൊടുക്കുന്നതിനു് വേണ്ട നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

(ഡി) സ്വകാര്യഭൂമികളിൽ നട്ടുവളർത്തിയിട്ടുള്ള രാജകീയ വൃക്ഷങ്ങളിന്മേൽ Tract I-നേയും II-നേയും സംബന്ധിച്ചിടത്തോളം (ബി) യിൽ വിവരിച്ചിട്ടുള്ള തീയതികൾക്കു് ശേഷം ഗവണ്മെൻറിനു അവകാശമില്ല.

(ഇ) എന്നാൽ Tract III-ൽ 1932-നു ശേഷം സ്വകാര്യഭൂമികളിൽ നട്ടുവളർത്തിയിട്ടുള്ള രാജകീയ വൃക്ഷങ്ങൾക്കു് ടി Tract ലുള്ള അവകാശം വിട്ടൊഴിയുന്നതുവരെ ഗവണ്മെൻറിനു് അവകാശം ഉള്ളതും ഇതിന്മേൽ കിട്ടിയിട്ടുള്ള പരാതികളെപ്പറ്റി നടപടി നടത്തിക്കൊണ്ടിരിക്കുന്നതുമാകുന്നു.

Police firing in South Travancore.

*654. [33] **Shri N. A. Noor Mohammed:** Will the Home Minister be pleased to state:

(*a*) the total expenditure involved for the enquiry into the Police firing in South Travancore on August 11, 1954;

(*b*) whether any Advocate was appointed to represent the Police for the enquiry;

(*c*) if so, whether any remuneration was paid to him; and

(*d*) if so, the total amount paid?

Home Minister (**Shri A. J. John**): (*a*) About Rs. 8,000.

(*b*) Yes.

(*c*) Yes.

(*d*) Rs. 3,400.

പഞ്ചായത്തു് എക്സിക്യൂട്ടീവു് ഓഫീസറന്മാരുടെ നിയമനം.

* 655. [35] ശ്രീ. സി. കെ. വിശ്വനാഥൻ: തഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ എക്സിക്യൂട്ടീവു് ഓഫീസറന്മാരുടെ നിയമനത്തെ പ്രതിഷേധിച്ചുകൊണ്ടു് ഏതു പഞ്ചായത്തുകൾ ഗവണ്മെൻറിലേക്കു് നിവേദനം സമർപ്പിച്ചിട്ടുണ്ടു്?

(ബി) ഈ ഓഫീസറന്മാരുടെ നിയമനംകൊണ്ടു് ഗവണ്മെൻറ് എന്തു് പ്രയോജനമാണു് പ്രതീക്ഷിക്കുന്നതു്?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്തുകളിൽ എക്സിക്യൂട്ടീവു് ഓഫീസറന്മാരുടെ നിയമനത്തെ പ്രതിഷേധിച്ചുകൊണ്ടു് ചില പഞ്ചായത്തുകളിൽ നിന്നും നിവേദനം സമർപ്പിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly